# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5594 | 18/11/2019-ൽ മറുപടിയ്ക്ക്

## അണുബാധ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ. പി.ജെ.ജോസഫ്**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ഡോ.എൻ.ജയരാജ്** | **കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെ അകവും പുറവും പൂർണ്ണമായി രോഗാണരഹിതമാണെന്ന് ഉറപ്പുവരുത്തുവാൻ നിലവിൽ അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | (എ) | ആശുപത്രികൾ, വാർഡുകൾ, ഓപ്പറേഷൻ തീയറ്ററുകൾ, ഐ.സി.യു-കൾ ഉൾപ്പെടുന്ന ഭാഗം പൂർണ്ണമായി രോഗാണ വിമുക്തമാക്കാൻ മൂന്ന് ഷിഫ്റ്റുകളിലായി മുഴുവൻ സമയം ശുചീകരണ പ്രവർത്തനങ്ങളും, രോഗാണ വിമുക്ത പ്രവർത്തനങ്ങളും നടത്തിവരുന്നു. ഓപ്പറേഷൻ തീയറ്ററുകൾ, ഐ.സി.യു-കൾ എന്നിവ കൃത്യമായ ഇടവേളകളിൽ ഫ്യൂമിഗേഷൻ പോലുള്ള അണുനശീകരണ പ്രവർത്തനങ്ങളും നടത്തുന്നു. ആശുപത്രിയുടെ പരിസരം എല്ലാ ദിവസവും ശുചിയാക്കുന്നു. കൂടാതെ ലാബുകൾ, ഒ.പി.കൾ, ബ്ലഡ് ബാങ്ക് എന്നിവിടങ്ങളിലും ദിവസേന ശുചീകരണം നടത്തി വരുന്നു. ആശുപത്രി പരിസരം രോഗീസൗഹൃദമാക്കുന്നതിനു വേണ്ടിയുള്ള തുക എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ നിന്ന് കൃത്യമായി എല്ലാ മെഡിക്കൽ കോളേജുകൾക്കും അനുവദിച്ചു വരുന്നു.<br>എല്ലാ വാർഡുകളിലും അണുനശീകരണ ലായനി ഉപയോഗിച്ച് ചുമരുകൾ, കുളിമുറി, കക്കൂസ് എന്നിവ ദിവസവും കഴുകുന്നുണ്ട്.<br>ആശുപത്രിയിലെ എല്ലാ വാർഡുകളും ദിവസവും തൂക്കുകയും, തുടയ്ക്കുകയും ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ വാർഡുകൾ കഴുകി വൃത്തിയാക്കുന്നു.<br>ദിവസവും ഓടകൾ വൃത്തിയാക്കുകയും ബ്ലീച്ചിംഗ് ലായനി ഒഴിക്കുകയും ചെയ്യുന്നു. ആശുപത്രി പരിസരങ്ങൾ ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ കീഴിലുള്ള ജീവനക്കാരെ കൊണ്ട് വൃത്തിയാക്കാറുണ്ട്.<br>ആശുപത്രിയിലുണ്ടാകുന്ന മാലിന്യം തരംതിരിച്ച് അതാത് രീതിയിൽ നിർമാർജ്ജനം ചെയ്യുന്നുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത ആശുപത്രികളിലെ ശുചിത്വ പരിശോധനകൾ എപ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | സൂപ്രണ്ടുമാർ, പീഡ് സെൽ എന്നിവർ ശുചീകരണ പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തുന്നു. കൂടാതെ ആഴ്ചയിലൊരിക്കൽ ആശുപത്രി സൂപ്രണ്ട്, ആർ.എം.ഒ, പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ, സിവിൽ, വാട്ടർ അതോറിറ്റി, സെക്യൂരിറ്റി, ഹൗസ് കീപ്പിംഗ് |

| | | | |
|---|---|---|---|
| | | | ഡിപ്പാർട്ട്മെന്റ്, നഴ്സിംഗ് ഓഫീസർ എന്നിവരുൾപ്പെടുന്ന ടീം ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.<br>ആഴ്ചയിലൊരിക്കൽ ആശുപത്രി സൂപ്രണ്ട്. ആർ.എം.ഒ, എച്ച്.ഐ, ഇൻഫെക്ഷൻ കൺട്രോൾ നഴ്സ്, നഴ്സിംഗ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സാനിട്ടറി റൗണ്ട്സ് നടത്താറുണ്ട്.<br>ദിവസവും നഴ്സിംഗ് ഓഫീസറിന്റെ നേതൃത്വത്തിൽ നഴ്സിംഗ് സൂപ്രണ്ടുമാർ വാർഡുകളിലും, ഒ.പി, ഓപ്പറേഷൻ തീയറ്ററുകൾ, ഐ.സി.യു എന്നിവിടങ്ങളിൽ റൗണ്ട്സ് നടത്തി ശുചീകരണം വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.<br>എല്ലാ മാസത്തിലും സാനിട്ടറി മീറ്റിംഗും, ഇൻഫെക്ഷൻ കൺട്രോൾ മീറ്റിംഗ് നടത്തുന്നുണ്ട്.<br>ഐ.സി.യു, ഓപ്പറേഷൻ തീയറ്ററുകൾ എന്നീ സ്ഥലങ്ങൾ അണുബാധ വിമുക്തമാണെന്ന് മൈക്രോ ബയോളജി വിഭാഗം കൾച്ചർ ചെയ്ത് സ്ഥിരീകരിക്കാറുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രികളിൽ രാത്രിയും പകലും മുഴുവൻ സമയവും ശുചീകരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ; വ്യക്തമാക്കുമോ; | (സി) | ഫലപ്രദമാണ്.<br>ഹൗസ് കീപ്പിംഗ് വിഭാഗത്തിലേയും, നഴ്സിംഗ് സൂപ്രണ്ടിന്റെ കീഴിലുള്ള ശുചീകരണ ജീവനക്കാരും രാത്രിയും പകലും ശുചീകരണം കാര്യക്ഷമമായി നടത്താറുണ്ട്.<br>മൂന്ന് ഷിഫ്റ്റുകളിലെയും ശുചീകരണ - അണുവിമുക്ത പ്രവർത്തനങ്ങൾ ഹെൽത്ത് ഇൻസ്പെക്ടർമാരും, നഴ്സിംഗ് സൂപ്രണ്ടുമാരും നിരീക്ഷിക്കുകയും ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ആധുനിക ശുചീകരണ യന്ത്രങ്ങൾ നിലവിൽ ഉപയോഗിച്ചു വരുന്നു. |
| (ഡി) | അണുബാധ ഫലപ്രദമായി തടയുന്നതിന് ആശുപത്രിയിലും പരിസരത്തും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വൃത്തിയുള്ള ശൗചാലയങ്ങൾ വേണ്ടത്ര ഉണ്ടെന്ന് ഉറപ്പുവരുത്താൻ ഉതകുന്ന വിധത്തിൽ നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിയ്ക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ വാർഡുകളിലും പ്രവർത്തനക്ഷമമായ ശൗചാലയങ്ങളുണ്ട്. പുതിയ ശൗചാലയങ്ങൾ കൂടി നിർമ്മിക്കുന്നതിന് പി.ഡബ്ല്യൂ.ഡി-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ